# നെന്മാണിക്യം

(നോവൽ–11)

ജോൺ ഇളമത

നൂറോ ഇരുനൂറോ വർഷങ്ങളിൽ ഒരിക്കൽമാത്രം നെന്മണിക്കതിരുകളിൽ അപൂർവ്വമായി വിളയുന്ന കല്ലാണെന്നാണ് പറഞ്ഞുകേൾവി. ഈ കല്ല് കൈവശം വെക്കുന്നവർക്ക് ഐശ്വര്യം മേൽക്കുമേൽ കയറും.

അമ്മായിഅപ്പൻ ശൗരിയുടെ വാക്കുകൾ ചുമ്മാർക്ക് ആവേശം പകർന്നു.

അമൂല്യമായ നിധി!

ചുമ്മാർ നെന്മാണിക്യം അറയിൽ രണ്ടു പൂട്ടുകൾക്കുള്ളിൽ സൂക്ഷിച്ചു.



പറഞ്ഞുകേട്ടതത്രയും അച്ചട്ടായിരുന്നു. ചുമ്മാർ ഐശ്വര്യത്തിൽ നിന്ന് ഐശ്വര്യത്തിലേക്ക് കുതിച്ചു.

ധാരാളം വിരിപ്പുനിലങ്ങളും പുഞ്ചനിലങ്ങളും വാങ്ങിച്ചു. കന്നുകാലികളെ വളർത്തി. കാളകളെ കാണേണ്ടവയായിരുന്നു. കൊമ്പുരിയും കൊമ്പുകയറും കഴുത്തിൽ അണിഞ്ഞ് തുകൽബെൽറ്റുകളിൽ മണികളും അണിയിച്ച് തേങ്ങാപ്പാലിൽ അഭിഷേകം ചെയ്ത ഉഴവുകാളകൾ. അവകളെ കാണാൻ ചന്തകളിൽ ധാരാളംപേർ കൂടുമായിരുന്നു.ഈ കാളകൾക്ക് ഓച്ചിറയിലും പരുമലയിലും പ്രത്യേകം വിരിസ്ഥലങ്ങളുണ്ടായിരുന്നു. ഇവയ്ക്കൊക്കെ വിലപറയാൻ അണ്ടനെയും അടകോടനെയും അനുവദിച്ചിരുന്നില്ല.

അക്കാലത്ത് ചുമ്മാരിന്റെ ഖ്യാതി മദ്ധ്യതിരുവിതാംകൂറിൽ തലങ്ങും വിലങ്ങും പറന്നു. കുത്തക സാധനങ്ങളായ പുകയിലയും മറ്റും വലിയ തോതിൽ വ്യാജവ്യാപാരം നടത്തി ചുമ്മാർ കണക്കിലേറെ പണം സമ്പാദിച്ചു.

അക്കാലം കേണൽ മൺട്രോയുടെ കീഴിൽ തിരുവിതാഗകൂർ ബ്രിട്ടീഷ് ഭരണത്തിലമർന്നിരുന്നു.

ഒരു ദിനം ആകസ്മികമായി ദിവാൻ പേഷ്കാർ മുണ്ടായ്ക്കലോടി ഇൻസ്പെക്ടറും പരിവാരവും വള്ളത്തിൽ വന്നു കടവിലടുത്തു.

അപ്പോൾ വള്ളക്കടവിനടുത്ത് വള്ളപ്പുരയിലിരുന്ന് ചുമ്മാർ വെട്ടുകത്തിയുടെ മൂർച്ച തേച്ചുകൂട്ടുകയായിരുന്നു.

ഇൻസ്പെക്ടർ മുറ്റത്തേക്ക് പ്രവേശിച്ച് സഗൗരവം ചോദിച്ചു:

തന്റെ അറയിൽ കുത്തകസാധനങ്ങളായ പുകയിലയും മറ്റു വ്യാജച്ചരക്കുകളും കെട്ടിക്കിടപ്പുണ്ടെന്ന് അറിവുകിട്ടിയിട്ടുണ്ട്.

ഇൻസ്പെക്ടറും പരിവാരങ്ങളും എത്തുന്നതുകണ്ട് ചട്ടമ്പികളായ വേലന്മാരും അരയക്കിടങ്ങളും ചുമ്മാരിന്റെ സംരക്ഷണത്തിന് ആജ്ഞകാത്ത് ചുറ്റിലും എത്തി.

അറ തുറക്ക്; ഇൻസ്പെക്ടർ ആജ്ഞാപിച്ചു.

അപ്പോഴും കൂസലില്ലാതെ ചുമ്മാർ വെട്ടുകത്തിക്ക് മൂർച്ച കൂട്ടിക്കൊണ്ടിരുന്നു.

തന്നോടാ തുറക്കാൻ പറഞ്ഞേ!

ചുമ്മാർ മുഖമുയർത്തി വെട്ടുകത്തിയുമായെണീറ്റു.

അരയന്മാരും വേലന്മാരും അരയിൽ തിരുകിയിരുന്ന കഠാരികളിൽ കൈപ്പത്തി ഉറപ്പിച്ചുനിന്നു.

ചുമ്മാർ ഇൻസ്പെക്ടറുടെ മുഖത്തേക്കു നോക്കി രൂക്ഷമായി പറഞ്ഞു:

എന്റെനേരെ നിവർന്നുനിന്ന് ഒരുവനും ഇന്നുവരെ ഒന്നും ആജ്ഞാപിച്ചിട്ടില്ല.

ഇൻസ്പെക്ടറുടെ കുടെ വന്ന പരിവാരങ്ങൾ പരുങ്ങി. അവർ അല്പം പിൻവാങ്ങി.

ഇൻസ്പെക്ടറുടെ സ്വരം താണു. ഞാൻ സർക്കാരു നടത്തിപ്പുകാരനാണ്.എനിക്കെന്റെ കടമ നിർവ്വഹിക്കണം.

ഒരു വരത്ത സർക്കാരിന്റെ ദാസൻ, അല്ലേ?

തിരുവിതാംകൂർ ഭരിക്കുന്നത് ആയില്യം തിരുനാൾ മഹാരാജാവോ അതോ വെള്ളക്കരനോ? കൊള്ളാം, കൊള്ളാം! ദിവാൻ മാധവറാവുവിന്റെ മണ്ടയിൽ നിന്നു വന്ന പരിഷ്കാരം കൊണ്ടാർക്കാകൊണം? വെള്ളക്കാരനുതന്നെ!

നിങ്ങൾ വരുടെ വാലാട്ടിപ്പട്ടികൾ!! ആരേലും നാലുകാശൊണ്ടാക്കുന്നേന്റെ കണ്ണിക്കടിയാ നിനക്കൊക്കെ!

നിന്നു ചെലയ്ക്കാതെ നിങ്ങൾ അറ തുറക്കുന്നുണ്ടോ, ഇല്ലയോ?

ചുമ്മാരിന് കടുത്ത ദേഷ്യം വന്നു. അദ്ദേഹം വെട്ടുകത്തി യർത്തിപ്പിടിച്ചു പറഞ്ഞു:

തുറക്കാം. എന്നാൽ ഒരു കാര്യം, നിങ്ങൾ അന്വേഷിക്കുന്ന വകകൾ അറയിൽ ഇല്ലാത്തപക്ഷം തന്റെ പിടലിയിൽ തേച്ചു മൂർച്ചകൂട്ടി വച്ചിരിക്കുന്ന ഈ വെട്ടുകത്തി വീഴൂം!

ചുമ്മാരിന്റെ ശബ്ദം കർക്കശമായിരുന്നു.

ആ ധീരമായ പ്രഖ്യാപനം കേട്ട് ഇൻസ്പെക്ടർ ഞെട്ടി.

പോലീസുകാരുടെ മുഖ്യൻ ഇൻസ്പെക്ടറുടെ ചെവിയിൽ മന്ത്രിച്ചു:

ഒന്നിങ്ങുവന്നേ ഏമാനേ! അയാൾ ഇൻസ്പെക്ടറെ അല്പം അകലെ മാറ്റിനിർത്തി മന്ത്രിച്ചു: അയാളു വെട്ടുമെന്നു പറഞ്ഞാ വെട്ടുന്നോനാ. കണ്ടില്ലേ അയാടെ ആശ്രിതരേ; അടിതടക്കാരും അഭ്യാസികളുമാ. നമ്മളു ജയിക്കത്തില്ല. പൊല്ലാപ്പിനു നിക്കാതെ വന്ന വഴി പോവ്വാ. അല്ലേങ്കി മാനഹാനീം, ജീവഹാനീം ഒണ്ടായാ ആർക്കാ പോന്നേ, നമ്മക്കും നമ്മുടെ കുടുംബോത്തിനും.

ഇൻസ്പെക്ടർക്കും അതുതന്നെ തോന്നി്യ ഉള്ള മാനം കളയാതെ സ്ഥലം വിടുന്നതാണ് ബുദ്ധി എന്ന്.

ചുമ്മാരെ പ്രീതിപ്പെടുത്താൻ ഇൻസ്പെക്ടർ പറഞ്ഞു:

അച്ചൻ പറഞ്ഞതു ഞങ്ങക്കൊറപ്പായി. അറേലില്ലാഞ്ഞിട്ടല്ലേ അറ തൊറന്നോളാൻ പറഞ്ഞത്? ചെങ്ങന്നൂരുള്ള കുറേ കൊള്ളരുതാത്തോരാ ഞങ്ങളെ പറഞ്ഞ് എരികേറ്റി ഇങ്ങോട്ടു വിട്ടത്. അല്ലേത്തന്നെ ഇത്രേം വലിയൊരു തറവാട്ടിലെ അച്ചന് ഇത്തരം മോശം കച്ചോടം ചെയ്തു വേണോ കാശൊണ്ടാക്കാൻ?

അങ്ങനെ സ്തുതിപാടൽ പറഞ്ഞ് ഇൻസ്പെക്ടറും പരിവാരവും വന്നവഴി വള്ളം കയറി പോയി.

വ്യാജച്ചരക്കുകളുടെ വ്യാപാരത്തിലൂടെ ചുമ്മാർ കുതിച്ചുകയറി. എങ്കിലും ഒന്നു മാത്രം അദ്ദേഹത്തിനു കുറവുണ്ടായിരുന്നു. അന്താനഭാഗ്യം!

മുതുമുത്തച്ഛനായ അന്തോനിമുത്തപ്പൻ ആനപ്പുറത്ത് സവാരി ചെയ്യുന്ന ഒരു എണ്ണച്ചായ ചിത്രം പൂമുഖത്തുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മാത്രമായിരുന്ന കോലോത്തു വാജ എന്ന ചിത്രകാരൻ വരച്ച മനോഹരമായ ചിത്രം.

ആ ചിത്രം നോക്കിയിരുന്നപ്പോൾ മുത്തച്ഛൻ ആനപ്പുറത്ത് എഴുന്നള്ളി വരികയാണോ എന്ന ചുമ്മാരിന് തോന്നി.

അപ്പന്റെ അപ്പൻ ലോനനിൽ നിന്ന് മുതുമുത്തച്ഛനെപ്പറ്റി കുട്ടിക്കാലം മുതലേ കേട്ടിട്ടുണ്ട്. ഒരു വീരഗാഥയിലെ പരാക്രമികാരിയായ ഒരു ധീരനായകനെപ്പോലെ അവയൊക്കെ ചുമ്മാരിന്റെ മനസ്സിൽ പതിഞ്ഞിട്ടുണ്ട്.

കൊച്ചീ സംസ്ഥാനത്തുനിന്ന് തിരുവിതാംകൂറിലേക്ക് അഭയംതേടിയതാണ് മുതുമുത്തച്ഛൻ. അതൊരു കലാപത്തിന്റെ കഥയാണ്. ധീരതയുടെ കഥയാണ്. രാജവാഴ്ചയുടെയും അവരുടെ സർവ്വാധികാര്യക്കാരുടെയും നേർക്കുള്ള ധീരമായ ഒരു വെല്ലുവിളി. തിരുവായ്ക്കെതിർവാ ഇല്ലാതിരുന്ന കാലം. ശക്തമായ ഒരു എതിർമൊഴിയുടെ കൊടുങ്കാറ്റ്! അതായിരുന്നു മുതുമുത്തച്ഛൻ.

അദ്ദേഹത്തിന് കൊച്ചിരാജാവു തിരുമനസ്സിൽനിന്ന് മുത്തപ്പൻ സ്ഥാനം കല്പിച്ചു കിട്ടിയിരുന്നു. സുഗന്ധദ്രവ്യങ്ങൾ കയറ്റിയയ്ക്കലായിരുന്നു തൊഴില. ആ വഴി ധാരാളം സമ്പാദിച്ചു. കടൽച്ചുങ്കമായി ധാരാളം പണം ഖജനാവിലേക്ക് കിട്ടിക്കൊണ്ടിരുന്നു.

ദിവാൻ വഴിയായിരുന്നു അന്തോനി പണം എത്തിച്ചിരുന്നത്. അന്ന് കൊച്ചി ദിവാൻ പാലയത്തച്ചനായിരുന്നു. ക്രമേണ പാലിയത്തച്ചന്റെ കണ്ണിലുണ്ണിയായി അന്തോനി. ആ വഴി അന്തോനി മഹാരാജാവിനെ മുഖംകാണിക്കാനവസരം കിട്ടി. ഖജനാവിലേക്ക് പണം എത്തിക്കുന്ന അന്തോനിയെ രാജാവിനു മതിപ്പായി. അങ്ങനെ ഒരിക്കലദ്ദേഹം കല്പിച്ചു കൊടുത്തതാണ് മുത്തപ്പൻസ്ഥാനം.

അതികായനായ അന്തോനി പഴയനിയമത്തിലെ അബ്ശാലോമിനെപ്പോലെ കാണപ്പെട്ടു. നീട്ടിവളർത്തിയ മുടി, മിനുസമായ മുഖം, നീണ്ട നാസിക, ഉയരമുള്ള തോളെല്ലുകൾഏ ആജാനുബാഹു. ഒറ്റനോട്ടത്തിൽ അദ്ദേഹത്തെ ആരും ആകർഷിക്കും.

ഒരു പ്രഭുകുടുംബത്തിലെ പ്രമാണിയായിരുന്നു അന്തോനി. തിരുവിതാംകൂറിൽ തച്ചിൽ തരകന്മാരായിരുന്നു അദ്ദേഹത്തിന്റെ കൂട്ടു വ്യാപാരികൾ.

ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാക്കമ്പനി പിടിമുറുക്കിക്കൊണ്ടിരുന്ന കാലം. നാട്ടുരാജാക്കന്മാരെ കലഹിപ്പിച്ച് കാലുറപ്പിക്കാനുള്ള ശ്രമത്തിലായിരുന്നു അവർ.

കൊച്ചീ തമ്പുരാന്റെ സർവ്വാധികാര്യക്കാരനായിരുന്ന പാലിയത്തച്ചൻ കൊടികുത്തി വാഴും കാലം.

അന്നൊരിക്കൽ പതിവുപോലെ അന്തോനിയും പരിവാരങ്ങളും കടൽച്ചുങ്കം എത്തിക്കാൻ പാലയത്തുത്തറവാട്ടിൽ എത്തി പൂമുഖത്തിനു മുമ്പിൽ നിലയായി. അച്ചൻ മാളികയുടെ രണ്ടാം തട്ടിലുള്ള മട്ടുപ്പാവിലാണ് പ്രത്യക്ഷപ്പെടാറ്.

അച്ചൻ പ്രത്യക്ഷപ്പെട്ടാൽ അച്ചന്റെ പ്രധാന കാര്യക്കാരൻ താഴെ എത്തി പണം സ്വീകരിക്കാറാണ് പതിവ്.

ദീർഘനേരമെത്തിയിട്ടു. അച്ചനെ കാണാനില്ല. അന്തോനിയും കൂട്ടരും നിന്നു ക്ഷമകെട്ടു.

ഒടുവിൽ ഒട്ടുനേരം കഴിഞ്ഞ് അച്ചനെത്തി. മുറുക്കിചുവപ്പിച്ച്, നീട്ടി മുരടനക്കി, കോളാമ്പി പിടിച്ച സേവകൻ ഓടിയെത്തി.

അച്ചൻ അതിലേക്ക് നീട്ടിത്തുപ്പി.

നസ്രാണി വന്നിട്ട് ഇമ്മിണിനേരം ആയി, അല്ലേ?

ചൊറിഞ്ഞ ചോദ്യംകേട്ടിട്ട് അന്തോനിക്ക് ദേഷ്യംവന്നു. കടുത്ത ദേഷ്യം.!

എങ്കിലും അന്തോനി അടങ്ങി, എന്തെങ്കിലും വായിൽനിന്നു പൊട്ടിപ്പുറപ്പെട്ടാൽ വരുന്ന വിപത്തോർത്ത്!

തിരുവായ്ക്ക് എതിർവായ് ഇല്ലാതിരുന്ന കാലത്ത്

അപ്പോഴാണ് അന്തോനി അവളെ കണ്ടത്.

കുഞ്ഞേയിതങ്ക.

അവൾ പാലിയത്തച്ചന്റെ പിന്നാലെ കൊഞ്ചിക്കുണുങ്ങി വന്ന് മുറുക്കിച്ചുവപ്പിച്ചു നില്ക്കുന്നു. പനയന്നാറുകാവിലെ യക്ഷിയെപ്പോലെ.

(തുടരും.....)